## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3536 — 17.12.2015 ൽ മറുപടിയ്ക്ക്

### കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ തസ്തികമാറ്റ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം.ഹംസ | | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | പൊതുഭരണ വകുപ്പിലും ധനകാര്യ വകുപ്പിലും കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സെക്രട്ടേറിയറ്റ് സ്പെഷ്യൽ റൂൾ ലംഘനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | 25.3.2006 നുശേഷം സെക്രട്ടേറിയറ്റ് സർവ്വീസിൽ പ്രവേശിച്ച കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നല്കുന്നത് എത്ര ശതമാനമാണ്; ഇത് ഏത് സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കാമോ ; | (ബി) | 20%; 17.03.2007 ലെ ജി.ഒ.(പി) നം.199/07/ജി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം. |
| (സി) | കമ്പ്യൂട്ടർ അസിസ്റ്റന്റ് / കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് ട്രെയിനിയായി നിയമനം നല്കുന്നത് എത് സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കാമോ; | (സി) | 05.06.1989 ലെ ജി.ഒ.(പി) നം.138/89/ ജി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം. |
| (ഡി) | കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമിക്കപ്പെടേണ്ട ഒഴിവുകളിൽ അസിസ്റ്റന്റ് ട്രെയിനിമാരെ ഉൾപ്പെടുത്തുന്നുണ്ടോ; എങ്കിൽ എത് സർക്കാർ ഉത്തരവ് പ്രകാരമെന്ന് വ്യക്തമാക്കാമോ; | (ഡി) | ഉണ്ട്. അസിസ്റ്റന്റ് ട്രെയിനി ആയി നിയമിതരാകുന്നവർ അവരുടെ parent cadre ലാണ് തുടരുന്നതായി കണക്കാക്കുന്നതെങ്കിലും അസിസ്റ്റന്റ് കേഡർ തസ്തികയിൽ ഒഴിവുള്ളിടത്താണ് ഇവരെ നിയമിക്കുന്നത്. ഇവർ അസിസ്റ്റന്റ് ട്രെയിനി ആയി മാറുമ്പോൾ ബന്ധപ്പെട്ട ടൈപ്പിസ്റ്റ്/ |

..2

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കേഡറിലുണ്ടാകുന്ന ഒഴിവുകൾ പ്രസ്തുത കേഡറിൽ തന്നെയുള്ള പ്രൊമോഷൻ /direct recruitment എന്നിവ വഴി നികത്തുന്നു എന്നതിനാൽ പ്രസ്തുത കേഡറിലെ cadre strength ൽ കുറവുണ്ടാകുന്നില്ല. എന്നാൽ അസിസ്റ്റന്റ് കേഡറിലുണ്ടാകുന്ന ഒഴിവിലാണ് ഇവർ നിയമിക്കപ്പെടുന്നത്. അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളാണ് ഇവരുടെ നിയമനം വഴി നികത്തപ്പെടുന്നത്. ഈ തസ്തികമാറ്റ നിയമനത്തിന് തത്തുല്യമായ തസ്തികകൾ അസിസ്റ്റന്റ് തസ്തികയുടെ entry cadre-ലും പി.എസ്.സി.ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിലും കുറവ് വരുകയും ചെയ്യും. അസിസ്റ്റന്റ് ട്രെയിനി നിയമനം ഒഴിവാക്കി തസ്തികമാറ്റത്തിനുള്ള 20% കണക്കാക്കിയാൽ ആയത് പി.എസ്.സി. റാങ്ക് ലിസ്റ്റിനെ ദോഷകരമായി ബാധിക്കും. ഈ സാഹചര്യത്തിൽ തസ്തികമാറ്റം വഴി അസിസ്റ്റന്റ് ആകുന്നതിനായുള്ള ജീവനക്കാരുടെ എണ്ണം കണക്കാക്കുമ്പോൾ അസിസ്റ്റന്റ് ട്രെയിനിമാരുടെ എണ്ണവും കണക്കിലെടുക്കേണ്ടതുണ്ട് എന്നുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അസിസ്റ്റന്റ് ട്രെയിനിമാരെ ഉൾപ്പെടുത്തിയിട്ടുള്ളത്.

| | | | |
|---|---|---|---|
| (ഇ) | കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള ഒഴിവുകൾ എത്രയെണ്ണം നികത്തുവാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ; ഇത് എന്നത്തേക്ക് നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റത്തിനുള്ള ഒഴിവുകൾ നിലവിലില്ല. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റത്തിന് 9 ഒഴിവുകൾ നിലവിലുണ്ട്. തസ്തികമാറ്റത്തിന് യോഗ്യരായ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ടി ഒഴിവുകൾ നികത്തുന്നതാണ്. |

Mayal

സെക്ഷൻ ആഫീസർ